കയറുല്പന്ന നിർമ്മാണരംഗത്ത് ആവശ്യമായ യന്ത്രങ്ങളും പുതിയ കയറുല്പന്നങ്ങളും വികസിപ്പിച്ചെടുക്കുന്നതിന് ഗവേഷണം, പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളായിരിക്കും ഹൈടെക് കയർപാർക്കിൽ ഉണ്ടാവുക. ഇതുകൂടാതെ കയർഫെഡിന്റെ നിയന്ത്രണത്തിൽ ഒരു റിസർച്ച് ആന്റ് ഡെവലപ്പുമെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. അർജന്റീന, ആസ്ട്രേലിയ, ബ്രസീൽ, ബഹ്റൈൻ, ബെൽജിയം, കാനഡ, ചിലി, ഡെൻമാർക്ക്, ഈജിപ്റ്റ്, ഫ്രാൻസ്, ഫിൻലാൻഡ്, ഗ്രീസ്, ജർമ്മനി, ഇസ്രായേൽ, ഇറ്റലി, ജപ്പാൻ, മലേഷ്യ, ന്യൂസിലാന്റ്, നെതർലാന്റ്, നോർവേ, പോളണ്ട്, പോർട്ടുഗൽ, സൗത്ത്കൊറിയ, സൗദിഅറേബ്യ, സ്പെയിൻ, സ്വീഡൻ, സ്വിറ്റ്സർലന്റ്, സൗത്ത് ആഫ്രിക്ക, തായ്വാൻ, തായ്ലാന്റ്, തുർക്കി, അമേരിക്ക, ബ്രിട്ടൻ, ഹങ്കറി തുടങ്ങിയ രാജ്യങ്ങളാണ് കയറിന്റെയും കയറുല്പന്നങ്ങളുടെയും നിലവിലുള്ള വിപണി. ഇതുകൂടാതെ വിപണി വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി ആസ്ട്രേലിയയിൽ ഒരു ഡെലിഗേഷനെ അയയ്ക്കുകയും നിരവധി അന്തർദേശീയ എക്സിബിഷനുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി കയർഫെഡിന് 143 ലക്ഷം രൂപയുടെ വിദേശ വിപണി കണ്ടെത്തുവാൻ കഴിഞ്ഞു. കൂടുതൽ കയർപ്പായ് കയറ്റി അയയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഫോം മാറ്റിംഗ് ഇന്ത്യാ ലിമിറ്റഡ് 1996-97 മുതൽ 1999-2000 വരെ 14.51 കോടിരൂപയുടെ കയറുല്പന്നങ്ങൾ കയറ്റി അയയ്ക്കുകയുണ്ടായി. കയർ കോർപ്പറേഷൻ ഈ കാലയളവിൽ 10.85 കോടിരൂപയുടെ കയറുല്പന്നങ്ങളും കയറ്റി അയച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽനിന്ന് ഉദ്ദേശം 992 കോടിരൂപയുടെ വിദേശനാണ്യം കയർവിപണിയിലൂടെ നേടിയിട്ടുണ്ട്. ഈ കാലയളവിൽ കയറ്റുമതിയിൽ 12,500 മെട്രിക് ടണ്ണിന്റെ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(ഇ) ഉണ്ട്. സംഘടിതമേഖലയിൽ പ്രവർത്തിക്കുന്ന ഫോം മാറ്റിംഗ് (ഇന്ത്യ) ലിമിറ്റഡ് ലാഭകരമായി പ്രവർത്തിച്ചു വരുന്നു. സംസ്ഥാന കയർ കോർപ്പറേഷനും, കയർഫെഡും ലാഭകരമാക്കാനുള്ള ശ്രമത്തിലാണ്. കൂടാതെ പ്രാഥമിക കയർ സംഘങ്ങളെ പുനരുദ്ധരിക്കാനുള്ള ഒരു ബ്രഹത്പദ്ധതിയും നടപ്പാക്കിവരുന്നു. അതിന്റെ ഫലമായി ഉത്പാദനത്തിലും തൊഴിലാളികളുടെ എണ്ണത്തിലും തൊഴിൽദിനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്.

സാമൂഹ്യക്ഷേമവകുപ്പിന്റെ പ്രവർത്തനം

6 (*413) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഗതികൾക്കും മറ്റും നൽകി വരുന്ന പെൻഷനുകൾ യഥാസമയം വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്താകെ എത്ര വൃദ്ധമന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) ആകെ എത്ര അന്തേവാസികൾ ഈ വൃദ്ധമന്ദിരങ്ങളിൽ താമസിക്കുന്നുണ്ട് ;

(ഡി) വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് ഭക്ഷണത്തിന് പ്രതിമാസം നൽകുന്ന തുക എത്രയാണ് ;

(ഇ) ഈ തുകയുടെ അപര്യാപ്തത കണക്കിലെടുത്ത് കാലോചിതമായി തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി : (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് പഠനം നടത്തി ശുപാർശ സമർപ്പിക്കുവാൻ ഐ.എം.ജി.യെ ചുമതലപ്പെടുത്തി. അവർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്. കൂടാതെ ഭരണ പരിഷ്ക്കാര കമ്മിറ്റി സർക്കാരിന് സമർപ്പിച്ച ശുപാർശകൾ സാമൂഹ്യക്ഷേമ വകുപ്പിലും നടപ്പിലാക്കുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ കളമശ്ശേരിയിലെ രാജഗിരി കോളേജും, വകുപ്പിലെ ഏതാനും സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നൽകിയിട്ടുള്ള നിർദ്ദേശങ്ങളും പരിഗണിച്ചുവരികയാണ്. സാമൂഹ്യക്ഷേമ ഡയറക്ടറേറ്റും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസുകളും ഘട്ടം ഘട്ടമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടികൾ എടുത്തു വരുന്നു. അഗതി പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നതിനും നടപടികൾ കൈക്കൊള്ളുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി.

(ബി) 13 വൃദ്ധമന്ദിരങ്ങൾ.

(സി) 319 അന്തേവാസികൾ

(ഡി) 250 രൂപ

(ഇ) നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

പരമ്പരാഗത ഫിഷ്ലാന്റിംഗ് സെന്റർ

7 (*414) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. എ. തോമസ് :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പരമ്പരാഗത ഫിഷ്ലാന്റിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly